CONSUMERFED

Kerala State Co.operative Consumers' Federation Ltd.
GANDHI NAGAR, ERNAKULAM, KOCHI-682 020
TEL: 2203507, 2203652, 2203256 FAX: 91-484-2203796
E-mail:econsumerfed@gmail.com, Website: www.consumerfed.net

CFED/ESD-9/11778/146/2021-22 08.11.2021/1536

## സർക്കുലർ – 8/2021

വിഷയം:- 2021 നവംബർ 14-ാം തീയതി മുതൽ 20-ാം തീയതി വരെ നടക്കുന്ന സഹകരണ വാരാഘോഷം സംബന്ധിച്ച്-

സൂചന:- സംസ്ഥാന സഹകരണ യൂണിയന്റെ 07.10.2021 ലെ പി.ആർ/4696/2020 -ാം നമ്പർ കത്ത്

ദേശീയ സഹകരണ യൂണിയന്റെ നിർദ്ദേശപ്രകാരം 68-ാം അഖിലേന്ത്യാ സഹകരണ വാരാഘോഷം സംസ്ഥാന സഹകരണ യൂണിയന്റെ ആഭിമുഖ്യത്തിൽ 2021 നവംബർ 14 മുതൽ നവംബർ 20 വരെ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് അഘോഷിക്കുന്നതിന് തീരുമാനിച്ചതായി സൂചന പ്രകാരം അറിയിച്ചിട്ടുണ്ട്. ഇക്കൊല്ലത്തെ വാരാഘോഷത്തിന്റെ പ്രമേയം **"സമ്പൽ സമൃദ്ധി സഹകരണത്തിലൂടെ"** എന്നതാണ്.

കൂടാതെ 14 മുതൽ 20 വരെയുള്ള ഒരോ ദിനത്തിന്റെയും പ്രാധാന്യം ചുവടെ ചേർക്കുന്നവയാണ്.

| | | |
|---|---|---|
| **14.11.2021** | : | കോവിഡ് പ്രതിസന്ധിയെ നേരിടുന്നതിലും, ആരോഗ്യമേഖലയെ ശക്തിപ്പെടുത്തുന്നതിലും സഹകരണ പ്രസ്ഥാനങ്ങളുടെ പങ്ക് |
| **15.11.2021** | : | സഹകരണ വിപണനം, ഉപഭോക്താക്കൾ, സംസ്ക്കരണം, മൂല്യ വർദ്ധനവ് |
| **16.11.2021** | : | സഹകരണ സ്ഥാപനങ്ങൾക്ക് ബിസിനസ്സ് ചെയ്യുന്നതിനുള്ള സൗകര്യം |
| **17.11.2021** | : | നവീകരണം പ്രോത്സാഹിപ്പിക്കൽ, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, തൊഴിൽ വൈശിഷ്ട്യം രൂപപ്പെടുത്തൽ എന്നിവയിൽ സഹകരണ സംഘങ്ങളുടെ പങ്ക് |
| **18.11.2021** | : | സംരംഭ വികസനവും പൊതു-സ്വകാര്യ സഹകരണ പങ്കാളിത്തം ശക്തിപ്പെടുത്തലും |
| **19.11.2021** | : | യുവാക്കൾക്കും സ്ത്രീകൾക്കും ദുർബല വിഭാഗങ്ങൾക്കുമുള്ള സഹകരണ പ്രസ്ഥാനങ്ങൾ |
| **20.11.2021** | : | സാമ്പത്തിക ഉൾപ്പെടുത്തലും ഡിജിറ്റലൈസേഷനും സാമൂഹിക മാധ്യമങ്ങളും- സഹകരണ പ്രസ്ഥാനത്തിലൂടെ |

സഹകരണ വാരാഘോഷത്തോടനുബന്ധിച്ച് നവംബർ 14 ന് ഫെഡറേഷന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും സഹകരണ പതാക ഉയർത്തി സഹകരണ പ്രതിജ്ഞ ചൊല്ലേണ്ടതാണ്.

Scanned by CamScanner

നവംബർ 14 പൊതു അവധി ദിവസമാണെങ്കിലും ഫെഡറേഷൻെറ എല്ലാ യൂണിറ്റുകളിലും പതാക ഉയർത്തുന്നതിന് പ്രത്യേകം ജീവനക്കാരെ ചുമതല പ്പെടുത്തേണ്ടതും, പതാക ഉയർത്തി സഹകരണ പ്രതിജ്ഞ എടുത്തു എന്ന് റീജിയണൽ മാനേജർമാർ ഉറപ്പ് വരുത്തേണ്ടതുമാണ്.

മാനേജിംഗ് ഡയറക്ടർ

To,

1. എല്ലാ റീജിയണൽ മാനേജർമാർക്കും,
2. ഹെഡോഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും.

പകർപ്പ്:

1. ജനറൽ മാനേജർ
2. ചെയർമാൻെറ മേശപ്പുറത്ത് അറിവിലേയ്ക്കായി

Scanned by CamScanner